## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5447.  06.07.2012-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലാ ജനറൽ ആശുപത്രിയ്ക്ക് 108 ആംബുലൻസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലാ ജനറൽ ആശുപത്രിയിൽ നിന്നും 108 ആംബുലൻസ് പിൻവലിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പിൻവലിക്കാനുണ്ടായ കാരണം വിശദമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിലേയ്ക്ക് '108' ആംബുലൻസ് പദ്ധതി നടപ്പിലാക്കുവാനായി വാങ്ങിയ 25 അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് ആംബുലൻസുകൾ, ഓപ്പറേറ്റിംഗ് ഏജൻസിയെ നിശ്ചയിക്കുവാനായി കാലതാമസം വന്നപ്പോൾ നാഷണൽ ഹൈവേയിൽ വിവിധ ഭാഗങ്ങളിൽ വിന്യസിക്കുവാനായി ഒരു ടെൻഡർ വിളിക്കുകയും അതിനെതിരെ ശ്രീ. എം. എം. സലീം ഒരു കേസ് ഫയൽ ചെയ്യുകയും ചെയ്തു. (കേസ് നം. WP(C) 416/11(B)). ഇതിനാൽ 01.03.2011 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 882/2011/ആ.കു.വ. പ്രകാരം, ആംബുലൻസുകൾ ('108' എന്നു ബ്രാൻഡ് ചെയ്ത്) സംസ്ഥാനത്തിന്റെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് താൽക്കാലികമായി |

| | | | |
|---|---|---|---|
| | | | വിന്യസിക്കുകയുണ്ടായി. എന്നാൽ 30.10.2011 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3471/2011/ആ.കു.വ. പ്രകാരം ഈ ആംബുലൻസുകൾ ആലപ്പുഴ ജില്ലയിൽ '108' സർവ്വീസ് തുടരുവാനായി തിരികെ വിളിക്കുകയുണ്ടായി. ഇതിൻ പ്രകാരമാണ് ഈ ആംബുലൻസുകൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിന്നും പിൻവലിച്ചത്. |
| (സി) | ആയതിനു പകരം പുതിയത് നൽകുമെന്ന ഉറപ്പ് നടപ്പിലാക്കി യിട്ടുണ്ടോ; വിശദാംശം അറിയി ക്കാമോ; | (സി) | പിൻവലിച്ച ആംബുലൻസിനു പകരം KL 01 BE 7162, KL 01 BE 7166 എന്നീ ആംബുലൻസുകൾ നൽകുകയുണ്ടായി. എന്നാൽ ജില്ലാ ഭരണകൂടത്തിന്റേയും ജില്ലാ ആരോഗ്യവകുപ്പ് അധികൃതരുടേയും അപേക്ഷപ്രകാരം പ്രസ്തുത ആംബു ലൻസിൽ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ സൗജന്യമായി ഘടിപ്പിച്ചു നൽകാനായി വാഹനം തിരികെ കെ. എം. എസ്. സി. എൽ. നെ ഏൽപ്പിച്ചിരി ക്കുകയാണ്. ഇതിലേയ്ക്കുള്ള ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഉപകര ണങ്ങൾ ഘടിപ്പിച്ചു കഴിയുന്ന മുറയ്ക്ക് വാഹനം തിരികെ നൽകുന്നതാണ്. |
| (ഡി) | എൻഡോസൾഫാൻ ദുരിത ബാധി തരായ രോഗികളെ അടക്കം വിവിധ ആശുപത്രികളിൽ എത്തിക്കേണ്ട സാഹചര്യത്തിൽ ആംബുലൻസ് ജില്ലക്ക് നൽകുന്ന കാര്യം പരിഗണി ക്കുമോ; വിശദാംശങ്ങൾ അറിയി ക്കാമോ? | (ഡി) | ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻ.ആർ.എച്ച്.എം), സുനാമി പുനരധി വാസ പദ്ധതി (റ്റി.ആർ.പി) എന്നീ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 61 ബേസിക് ആംബുലൻസുകൾ ഈ |

| | | | |
|---|---|---|---|
| | | | വർഷാദ്യം ടെൻഡർ നടപടികളിലൂടെ വാങ്ങിയിരുന്നു. അതിൽ മൂന്ന് എണ്ണം യഥാക്രമം ജില്ലാ ആശുപത്രി, കാസർ ഗോഡ്, ഗവ. ആശുപത്രി, കാഞ്ഞങ്ങാട്, സാമൂഹികാരോഗ്യകേന്ദ്രം, തൃക്കരിപ്പൂർ എന്നിവിടങ്ങളിലേയ്ക്കാണ് നിർദ്ദേശിക്കപ്പെ ട്ടിട്ടുള്ളത്. ഇതിൽ മുകളിൽ പരാമർശി ച്ചിട്ടുള്ള രണ്ട് വാഹനങ്ങൾ (KL 01 BE 7162, KL 01 BE 7166) ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ സൗജന്യ മായി ഘടിപ്പിച്ചു നൽകുവാനായി കോർപ്പ റേഷനെ ചുമതലപ്പെടുത്തിയിരിക്കുക യാണ്. ഇതിലേയ്ക്കുള്ള ടെൻഡർ നടപ ടികൾ അന്തിമഘട്ടത്തിലാണ്. |

B.V. [signature]

**സെക്ഷൻ ഓഫീസർ**